**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **12-02-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുമുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ മഞ്ചേരി ബൈപ്പാസ് 3-ാം റീച്ചിന്റെ നവീകരണം, ചെരണി-പന്നിപ്പാറ റോഡ്, മാലാംകുളം-ചെറാൻ കുത്ത്-ചെറുകുളം റോഡ് ഗതാഗത യോഗ്യമാക്കൽ എന്നിവക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പ്രസ്തുത റോഡുകളിൽ നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ ആർ.സി-1 പ്രവൃത്തികളിൽ ഉൾപ്പെടുത്തി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് വരുന്നു.<br><br>മഞ്ചേരി ബൈപ്പാസ് 3rd റീച്ച് പുനരുദ്ധാരണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി പുരോഗമിച്ചു വരികയാണ്. കൂടാതെ 500 ലക്ഷം രൂപയുടെ Improvements to 3rd reach Bypass road between 0/000 to 3/600 Km (Saithalikkutty bypass)എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>ചെരണി – പന്നിപ്പാറ റോഡിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയാണ് നിലവിലുള്ളത്.<br>മാലാംകുളം –ചെറാൻകുത്ത് – ചെറുകുളം റോഡ് നവീകരണത്തിനായി 11.69 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (ബി) | കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന മഞ്ചേരി-ഒലിപ്പുഴ റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് റെവന്യൂ വകുപ്പിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനുള്ള സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 09.06.2022 തീയതിയിൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനായുള്ള കണ്ടിജൻസി ചാർജ് മലപ്പുറം കിഫ്ബി എൽ.എ തഹസിൽദാർ യൂണിറ്റ് 2 ന് കൈമാറിയിട്ടുണ്ട്. കൂടാതെ ഏറ്റെടുക്കേണ്ട ഭൂമിയിലെ |

| | | | |
|---|---|---|---|
| | | | സർവ്വേ നമ്പറുകൾ എല്ലാം ഉൾപെടുത്തിയ പുതുക്കിയ ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് 10.01.2025-ൽ ലഭ്യമായിട്ടുണ്ട്. ആയത് അനുസരിച്ചുള്ള പുതുക്കിയ അർത്ഥനാപത്രം 05/02/2025 തീയതിയിൽ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പ് മുഖാന്തിരം RFCT LARR ആക്ട് 2013 ചട്ടങ്ങൾക്ക് വിധേയമായി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ കിഫ്ബി മുഖാന്തരം നാറ്റ്പാക് തയാറാക്കിയ അലൈൻമെൻറ് ഡ്രോയിങ് അടിസ്ഥാനമാക്കി തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് അധിക തുക ആവശ്യമായി വരുകയും, 135.37 കോടി (നൂറ്റി മുപ്പത്തി അഞ്ച് കോടി മുപ്പത്തി ഏഴ് ലക്ഷം) രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി 13/10/2024 തീയതിയിൽ സമർപ്പിച്ചതിന്മേൽ ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾപ്പെടുത്തി ഫയൽ കിഫ്ബിയിലേക്ക് 08/01/2025 തീയതിയിൽ പുനർസമർപ്പിച്ചത് കിഫ്ബിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് പ്രവൃത്തികൾ ദ്രുതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മഞ്ചേരി ബൈപ്പാസ് 3-ാം റീച്ചിന്റെ നവീകരണം, ചെരണി-പന്നിപ്പാറ റോഡ്, മാലാംകുളം-ചെറാൻ കുത്ത്-ചെറുകുളം റോഡ് എന്നീ റോഡുകളിലെ മെയിന്റനൻസ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>മഞ്ചേരി-ഒലിപ്പുഴ റോഡ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ